(സി) 1-4-2008 പ്രാബല്യത്തിലാണ് വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചത്. അതിനാൽ ഉടനെയൊരു വർദ്ധനവ് പരിഗണനയിലില്ല.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം 1-2-2008-ലെ സ.ഉ. (എം എസ്.) നമ്പർ 20/08/പജ.പവ.വിവ. പ്രകാരം സംസ്ഥാനത്തെ പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്കിൽ 50% വർദ്ധനവ് വരുത്തി 1-4-2008 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്.

പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാൻ നടപടി

120 (5525) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എ.ടി.എം. വഴി ആക്കിയതിനുശേഷം തുക കൃത്യമായി കിട്ടാതെ വരുകയും തന്മൂലം പഠനം മുടങ്ങുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നു എന്നു ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ എ.ടി.എം. കൗണ്ടറുകൾ മുഖേന ലഭ്യമാക്കുന്നതിനായി സ്ഥാപനത്തിന് ലഭിക്കേണ്ട തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു. തന്മൂലം സ്ഥാപനമേധാവികൾക്ക് വിദ്യാഭ്യാസാനുകൂല്യം വൈകിക്കുന്നതിനോ ക്രമക്കേട് കാണിക്കുന്നതിനോ കഴിയുകയില്ല. വിദ്യാർത്ഥി സ്ഥാപനത്തിൽ പ്രവേശിച്ച് 5 ദിവസത്തിനകം ആനുകൂല്യത്തിനുള്ള അപേക്ഷയും ബാങ്ക് അക്കൗണ്ട് അപേക്ഷയും ഒരുമിച്ച് നൽകുന്നതിനാൽ വിദ്യാർത്ഥികൾക്ക് അക്കൗണ്ട് തുടങ്ങി ആനുകൂല്യം വേഗത്തിൽ ലഭിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly